**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **07-02-2023 - ൽ മറുപടിയ്ക്ക്**

**കാട്ടായിക്കോണം മടവൂർപാറ ടൂറിസ്റ്റ് കേന്ദ്ര പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | പുരാവസ്തു വകുപ്പിന് കീഴിലുള്ള കാട്ടായിക്കോണം മടവൂർപാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ നിലവിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുമാനമുണ്ടാക്കി ഈ കേന്ദ്രം പരിപാലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ അയിരൂർപ്പാറ വില്ലേജിൽപ്പെടുന്ന ഗുഹാക്ഷേത്രം പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ സന്ദർശകർക്ക് പ്രവേശന ടിക്കറ്റ് ഏർപ്പെടുത്തിയും നിരക്ക് നിശ്ചയിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം സന്ദർശകർക്ക് ടിക്കറ്റ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉടൻ നിലവിൽ വരും. |
| (ബി) | ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന അവധി ദിവസങ്ങളിൽ പ്രസ്തുത കേന്ദ്രം അടച്ചിടുന്നത് ശരിയായ നടപടിയാണോ എന്ന് വിശദമാക്കാമോ; | (ബി) | പുരാവസ്തു സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ ദേശീയ അവധിദിനങ്ങളായ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, ഗാന്ധിജയന്തി, എന്നീ ദിവസങ്ങളിലും അംബേദ്കർ ജയന്തി, തിരുവോണം എന്നീ അവധി ദിനങ്ങളിലും ഒഴികെ മറ്റെല്ലാ അവധി ദിനങ്ങളിലും, ഞായറാഴ്ചകളിലും തുറന്നു പ്രവർത്തിച്ചു വരുന്നുണ്ട്. മടവൂർപ്പാറ സംരക്ഷിത സ്മാരകവും ഇതേനിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സ്മാരകങ്ങൾക്കും മ്യൂസിയങ്ങൾക്കും തിങ്കളാഴ്ചയാണ് വാരാന്ത്യ അവധി നൽകിയിരിക്കുന്നത്. |
| (സി) | പ്രസ്തുത കേന്ദ്രം എല്ലാ ദിവസവും തുറന്നു പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | പുരാവസ്തു സ്മാരകങ്ങൾ, മ്യൂസിയങ്ങൾ എന്നിവ ദേശീയ അവധിദിനങ്ങളായ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, ഗാന്ധിജയന്തി, എന്നീ ദിവസങ്ങളിലും അംബേദ്കർ ജയന്തി, തിരുവോണം എന്നീ അവധി ദിനങ്ങളിലും ഒഴികെ മറ്റെല്ലാ അവധി ദിനങ്ങളിലും, ഞായറാഴ്ചകളിലും തുറന്നു പ്രവർത്തിച്ചു വരുന്നുണ്ട്. മടവൂർപ്പാറ സംരക്ഷിത സ്മാരകവും ഇതേനിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സ്മാരകങ്ങൾക്കും മ്യൂസിയങ്ങൾക്കും തിങ്കളാഴ്ചയാണ് വാരാന്ത്യ അവധി നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ